(സി) 2003 മേയ് മാസം 1, 2 തീയതികളിൽ മാറാട് പോലീസ് പിക്കറ്റുകളിൽ എത്ര പോലീസുകാർ ഡ്യൂട്ടിയിലുണ്ടായിരുന്നു ;

(ഡി) ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് സന്നാഹങ്ങളെ മേയ് 2-നു മുമ്പ് മറ്റു സ്ഥലങ്ങളിലേക്ക് മാറ്റിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 3 അസിസ്റ്റന്റ് കമ്മീഷണർമാർ/ സി.ഐ. മാർ എന്നിവരുടെ നേതൃത്വത്തിൽ 21 എസ്.ഐ. മാരും 360 എച്ച്.സി/പി.സി. മാരെയും ഉൾപ്പെടുത്തി 15 പോലീസ് പിക്കറ്റ് പോസ്റ്റും, 2 ഫുട്ട് പട്രോളും, 4 മൊബൈൽ പട്രോളും ഏർപ്പെടുത്തി നിതാന്ത ജാഗ്രത പുലർത്തിവന്നിട്ടുണ്ട്. തുടർന്ന് 2-10-2002-ന് എല്ലാ രാഷ്ട്രീയ പ്രതിനിധികളും സാംസ്കാരിക നായകന്മാരുംകൂടി മാറാട് നടത്തിയ "സ്നേഹസംഗമത്തിനു" ശേഷം പോലീസ് പിക്കറ്റുകൾ ഘട്ടം ഘട്ടമായി കുറച്ച് ഒരു എ.എസ്.ഐ, 33 എച്ച്.സി/പി.സി. എന്നിവരെ ഉൾപ്പെടുത്തി 9 പിക്കറ്റ് പോസ്റ്റും ഒരു മൊബൈൽ പട്രോളും ഏർപ്പെടുത്തിയിരുന്നു. 2002-ലെ സംഘട്ടനത്തിന്റെ വാർഷിക ദിനമായ 3-1-2003 നോടനുബന്ധിച്ച് 30-11-2002 മുതൽ 5-1-2003 വരെ 19 എസ്.ഐ./എ.എസ്.ഐ., 147 എച്ച്.സി./പി.സി. എന്നിവരെ ഉൾപ്പെടുത്തി 15 പിക്കറ്റ് പോസ്റ്റും, 2 ഫുട്ട് പട്രോളും, 4 മൊബൈൽ പട്രോളും ഒരു ക്വൈക്ക്കിംഗ് ഹോഴ്സും ഏർപ്പെടുത്തി ജാഗ്രത പുലർത്തിയിരുന്നു.

(സി) ഒരു എ. എസ്. ഐ. 33 എച്ച്.സി/പി.സി. എന്നിവരെ ഉൾപ്പെടുത്തി 9 പിക്കറ്റ് പോസ്റ്റും, ഒരു മൊബൈൽ പട്രോളും ഉണ്ടായിരുന്നു.

(ഡി) ഇല്ല.

മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് പോലീസ് അധികൃതരെ തടഞ്ഞത് സംബന്ധിച്ച്

27 (774) ശ്രീ വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മേയ് 2-ന് മാറാട് കൂട്ടക്കൊലയെ തുടർന്ന് ഇതേവരെ എത്ര പേരെ അറസ്റ്റുചെയ്തു ; എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവർ ആരൊക്കെയാണ് ; ഇവർ ഏതെല്ലാം രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ബന്ധമുള്ളവരാണ് ;

(സി) മാറാട് കൂട്ടക്കൊല നടന്ന മേയ് 2-ന് മാറാട് പള്ളിയിൽ പരിശോധനക്കെത്തിയ പോലീസധികൃതരെ പള്ളിയിൽ കയറുന്നതിൽനിന്നും ആരെങ്കിലും തടഞ്ഞുവെച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പോലീസധികൃതരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തിയതിന് ഇവരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ടോ ; ഇവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ തടഞ്ഞുവച്ചവരുടെ പേരിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി.ബി.സി.ഐ.ഡി. ക്രൈം 116/ സി.ആർ/03-ൽ 118 പേരെയും, സി.ബി.സി.ഐ.ഡി. ക്രൈം. 117/സി. ആർ./03-ൽ 25 പേരെയും 16-6-2003 വരെ അറസ്റ്റുചെയ്തിട്ടുണ്ട്. കേസുകളൊന്നും ചാർജ്ജ് ചെയ്തിട്ടില്ല. അന്വേഷണാവസ്ഥയിലാണ്.

(ബി)1. സി.ബി.സി.ഐ.ഡി. ക്രൈം നമ്പർ 116/സി.ആർ./03

ഐ.യു.എം.എൽ.	66 പേർ
സി. പി. ഐ. (എം.)	35
കോൺഗ്രസ്	2
എൽ. ഡി. എഫ്.	11
പി. ഡി. പി.	1
രാഷ്ട്രീയബന്ധം ഇല്ലാത്തവർ	3
ആകെ	118

2. സി. ബി.സി.ഐ.ഡി. ക്രൈം 117/സി.ആർ./03 ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകനായ 25 പേർ.

(സി) പോലീസ് പള്ളിയിൽ പ്രവേശിക്കാൻ ശ്രമിച്ചപ്പോൾ പള്ളിയുടെ പുറത്തുനിന്ന സ്ത്രീകൾ തടയാൻ ശ്രമിച്ചിരുന്നു.

(ഡി & ഇ) ഇല്ല. പോലീസിന്റെ പള്ളിയിലേയ്ക്കുള്ള പ്രവേശനം തടഞ്ഞ സ്ത്രീകളെ വനിതാപോലീസിന്റെ സഹായത്തോടെ മാറ്റിയശേഷം പോലീസ് പള്ളിയിൽ പ്രവേശിച്ചു. പ്രസ്തുത സ്ത്രീകൾ ആരൊക്കെയാണെന്നറിയില്ല. ക്രമസമാധാനത്തിനും, പള്ളിയിലുണ്ടായിരുന്ന പ്രതികളെ നിരീക്ഷിക്കുന്നതിനും, ആയുധങ്ങൾ കണ്ടെടുക്കുന്നതിനും മുൻഗണന നൽകിയതുകൊണ്ടും സ്ത്രീകളെ അവിടെനിന്നും പറഞ്ഞുവിട്ടതുകൊണ്ടും അവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly